


# ഇസ്ലാംമത തത്ത്വങ്ങൾ

എ.കെ ഭാസ്കർ

ലേഖകൻ കേരള ഈഴവ സമുദായത്തിന്റെ അറിയപ്പെട്ട നേതാവും സഹോദരൻ അയ്യപ്പന്റെ സഹപ്രവർത്തകനുമായിരുന്നു. പ്രഗല്ഭനായ ഗ്രന്ഥകർത്താവ്, പ്രസംഗകൻ,വിപ്ലവകാരി എന്നീ നിലകളിൽ അദ്ദേഹം അറിയപ്പെടുന്നു. 1936 ലാണ് ഈ ലേഖനം ആദ്യമായി പ്രസിദ്ധീകരിച്ചത്.

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അറേബ്യാ മരുഭൂമിയിൽ ജനിച്ച മുഹമ്മദ് നബിയാൽ പ്രബോധനം ചെയ്യപ്പെട്ട മതമാണ് ഇസ്ലാം. ഇസ്ലാം ഒരു നവീന മതമല്ല. ഇസ്ലാംമതം നബിക്കു മുമ്പും ഉണ്ടായിരുന്നു. മനുഷ്യരെ നേർവഴിയിൽ നടത്തുവാനായി ഓരോ കാലങ്ങളിൽ പ്രവാചകന്മാർ മുഖേന ദൈവം നൽകിയിട്ടുള്ള ഉപദേശ സമുച്ചയമാണ് ഇസ്ലാം മതം. മനുഷ്യരുണ്ടായ കാലംതുടങ്ങി ഇസ്ലാംമതവും ഉണ്ടായിട്ടുണ്ട്.

പല കാരണവശാലും ദൈവമതത്തിന് മാലിന്യം ഭവിക്കുമ്പോൾ, ആ മാലിന്യങ്ങളെ തുടച്ചു കളഞ്ഞു പൂർവ മതത്തിന്റെ പരിശുദ്ധത നിലനിറുത്തുന്നതിനും കാലോചിതങ്ങളായ കൂടുതൽ ഉപദേശങ്ങൾ നൽകാനുമായിട്ടാണ് വിഭിന്നകാലങ്ങളിൽ വിഭിന്ന ജനസമുദായങ്ങളിൽ അനേകം പ്രവാചകന്മാർ ഉണ്ടായിട്ടുള്ളത്. ഇവരെല്ലാം ഉപദേശിച്ച മതംതന്നെയാണ് ഇസ്ലാംമതം. ഇവരിൽ അവസാനമായി ജനിച്ച പ്രവാചകനത്രെ മുഹമ്മദ്നബി. അതിനാൽ ഖുർആന്റെ ശാസനയനുസരിച്ച് ഒരു ഇസ്ലാംമതവിശ്വാസി സകല പ്രവാചകന്മാരെയും ഒരുപോലെ വിശ്വസിക്കാൻ നിർബന്ധിതനുമാണ്.

അന്യ മതാനുസാരികൾക്ക് വിശ്വസിക്കാൻ പാടില്ലാത്തതായി യാതൊരു തത്ത്വങ്ങളും ഇസ്ലാമിലില്ലെന്നുള്ളതും ഈ മതത്തിന്റെ വൈശിഷ്ട്യങ്ങളിൽ ഒന്നാണ്. അതായത് ഇസ്ലാംമതത്തിന്റെ മൂല പ്രമാണങ്ങൾ ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ സകല മതങ്ങളിലും കാണപ്പെടുന്നവ മാത്രമാണ്. അതിനാൽ ഒരുവൻ മുസ്ലിമാകുമ്പോൾ കൂടുതലായി ഒന്നും വിശ്വസിക്കേണ്ടി വരില്ല. കുറേ അന്ധവിശ്വാസങ്ങളെ വർജിക്കണമെന്നേയുള്ളൂ. ഇസ്ലാംമതത്തിന്റെ മറ്റൊരു പ്രത്യേകത; അതിന്റെ പ്രമാണ ഗ്രന്ഥം ഇന്നും വള്ളിപുള്ളി വ്യത്യാസം കൂടാതെ പൂർവ പരിശുദ്ധതയിൽതന്നെ സ്ഥിതി ചെയ്യുന്നുവെന്നുള്ളതാണ്. ആരു വിചാരിച്ചാലും  ഇനി അതിൽ ഒരക്ഷരം പോലും മാറ്റാൻ സാധിക്കില്ല. ഖുർആനത്രെ ഇസ്ലാംമതത്തിന്റെ പ്രമാണ ഗ്രന്ഥം. ഈ മഹൽ ഗ്രന്ഥം പ്രബോധനം ചെയ്യുന്ന മതതത്ത്വങ്ങളുടെ ഒരു ചുരുക്ക വിവരണമാണ് താഴെ പറയുന്നത്.

ഇസ്ലാംമതത്തിൽ വിശ്വാസപരമായും കർമപരമായും രണ്ട്തരം പ്രമാണങ്ങളുണ്ട്. ഏകദൈവത്തിലും ആ ദൈവത്തിന്റെ വെളിപാടുകളിലും ( Revelations ) പരലോകത്തിലും വിശ്വസിക്കുന്നതാണ് വിശ്വാസ പ്രമാണങ്ങൾ. പ്രാർഥന, വ്രതാനുഷ്ഠാനം, നിർബന്ധദാനം, ഹജ്ജ് (തീർഥയാത്ര) ഇതുകളത്രെ ഇസ്ലാമിലെ കർമപരമായ പ്രമാണങ്ങൾ. ഈ തത്ത്വങ്ങളെ സംബന്ധിച്ച ഒരു സംക്ഷിപ്ത വിവരണം മാത്രം താഴെ ചേർക്കുന്നു.

## ● വിശ്വാസ പ്രമാണങ്ങൾ

ഇവയെ വിശദീകരിക്കുന്നതിനു മുമ്പ് ഒരു കാര്യം മുൻകൂട്ടി പറയേണ്ടിയിരിക്കുന്നു. അതായത് ഇസ്ലാംമതത്തിൽ കേവലം വിശ്വാസത്തിന് സ്ഥാനമൊന്നുമില്ല. പ്രവൃത്തിരൂപത്തിലുള്ള വിശ്വാസത്തിനേ ഇസ്ലാംമതത്തിൽ സ്ഥാനമുള്ളൂ. ഓരോ മനുഷ്യന്നും അവന്റെ സ്രഷ്ടാവായ ദൈവത്തോടും അവന്റെ സമസൃഷ്ടികളോടും വിഭിന്നങ്ങളായ കർത്തവ്യങ്ങളുണ്ട്. അവന്റെ വിശ്വാസം ഈ കർത്തവ്യനിർവഹണത്തിന് അവനെ പ്രേരിപ്പിക്കുന്നവയായിരിക്കണം. നാം ഓർക്കേണ്ട മറ്റൊരു വസ്തുത, സാമാന്യ ജനങ്ങൾക്കുപോലും അനുഷ്ഠിക്കാൻ കഴിയാത്ത  ഉപദേശങ്ങൾ ഇസ്ലാംമതത്തിൽ ഇല്ലെന്നുള്ളതാണ്. ആദർശഭക്തന്മാരെ മാത്രം സന്തോഷിപ്പിക്കുന്നവയും, എന്നാൽ പ്രായോഗിക ജീവിതത്തിന് പറ്റാത്തതുമായ യാതൊരു ഉപദേശവും ഇസ്ലാംമതത്തിലില്ലതന്നെ.

1. **ദൈവം**: ഏകദൈവ വിശ്വാസമാണ് ഇസ്ലാം മതത്തിലെ വിശ്വാസപ്രമാണങ്ങളിൽ പ്രഥമമായിട്ടുള്ളത്. അഖിലലോക സ്രഷ്ടാവും അഖിലലോക സംരക്ഷകനും ദയാലുവും കരുണാവാരിധിയുമായ ഏകദൈവത്തിൽ വിശ്വസിക്കുന്നവൻ മാത്രമേ മുസ്ലിമാവുകയുള്ളൂ. സർവശക്തനും സർവജ്ഞനുമാണ് ദൈവം.

2. **വെളിപാടുകൾ**: മതങ്ങളെല്ലാം ദൈവത്തിന്റെ വെളിപാടുകളാണ്. മനുഷ്യർക്ക് സന്മാർഗോപദേശം ചെയ്യുകയത്രെ ഈ വെളിപാടുകളുടെ ഉദ്ദേശ്യം. ഇതിലേക്ക് ദൈവം മനുഷ്യന്റെയോ മൃഗങ്ങളുടെയോ രൂപത്തിൽ അവതരിക്കുന്നുവെന്നല്ല മുസ്ലിംകൾ വിശ്വസിക്കുന്നത്. പിന്നെയോ, മനുഷ്യനായി പിറന്ന ഒരാൾ ആത്മീയ പരിശുദ്ധിയാൽ ദൈവപ്രബോധനം സ്വീകരിക്കാൻ പ്രാപ്തനാവുകയും അദ്ദേഹം മുഖേന സത്യമായ മാർഗം ജനങ്ങൾ കണ്ടറിയുകയും

ചെയ്യുന്നു. ഈ വിധം ദൈവപ്രബോധനം സ്വീകരിച്ച് ദൈവമതമായ ഇസ്‌ലാം ജനങ്ങൾക്കു ഉപദേശിച്ചു കൊടുത്തിട്ടുള്ള പ്രവാചകന്മാർ നിരവധിയുണ്ട്. എബ്രഹാം, മോസസ്, ജീസസ് മുതലായ പലരുടെയും പേരുകൾ ഖുർആനിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ഇവരെയെല്ലാം വിശ്വസിക്കാനും ഒരു മുസ്‌ലിം, മതത്താൽ നിർബന്ധിതനാണ്. ഇവരെപ്പോലെ പലരുടെയും നാമങ്ങൾ ഖുർആനിൽ പറഞ്ഞിട്ടില്ലെന്നും എന്നാൽ ഒരു ജനസമുദായത്തിനെങ്കിലും, ഉപദേശകൻ ലഭിക്കാതിരുന്നിട്ടില്ലെന്നും ഖുർആൻതന്നെ ഘോഷിക്കുന്നു. ഇസ്‌ലാംമതത്തിന്റെ അനിതര സാധാരണമായ സഹിഷ്ണുതക്കും വിശാലതക്കും ഇതൊരു പ്രധാന ഉദാഹരണമാണ്.

**3. പരലോകജീവിതം**: മരണത്തോടുകൂടി ശരീരം മാത്രമേ നശിക്കുന്നുള്ളൂവെന്നും ആത്മാവ് ശേഷിച്ചിരിക്കുമെന്നും,ഈ ലോകത്തുവെച്ചു ഒരു മനുഷ്യൻചെയ്ത പുണ്യ-പാപങ്ങളനുസരിച്ച് അവൻ സുഖദുഃഖങ്ങൾ അനുഭവിക്കുമെന്നുമാണ് ഈ വിശ്വാസ പ്രമാണത്തിന്റെ സാരം.

## ● കർമപരമായ തത്ത്വങ്ങൾ

ഓരോ മനുഷ്യനും അവന്റെ സ്രഷ്ടാവായ ദൈവത്തിന്റെ നേർക്കും സമസൃഷ്ടികളുടെ നേർക്കുമുള്ള കർത്തവ്യങ്ങളെയാണ്, ഇസ്‌ലാംമതത്തിലെ കർമപരമായ തത്ത്വങ്ങൾ വിവരിക്കുന്നത്, ഇസ്‌ലാംമതത്തിൽ ഏറ്റവും പ്രധാനമായതും ഈ കർത്തവ്യാനുഷ്ഠാനം തന്നെയാണ്. ദൈവത്തിന്റെ രക്ഷാകർതൃത്ത്വവും മനുഷ്യന്റെ സഹോദരത്വവുമാണ്, അതായത് ദൈവാരാധനയും മനുഷ്യസേവനവുമാണ് ഇസ്‌ലാംമതത്തിന്റെ ജീവസ്സായ സത്ത്. ദൈവത്തിൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയുമാണ് ഒരു മുസ്‌ലിമിന്റെ ലക്ഷണമെന്ന് ഖുർആന്റെ പല ഭാഗത്തും ആവർത്തിച്ചു പറഞ്ഞിരിക്കുന്നതിന്റെ അർഥം ഇതുതന്നെയാണ്. പ്രവൃത്തിപരമായി നാല് തത്ത്വങ്ങളാണുള്ളത്:

**1. പ്രാർഥന**: ശരീര പോഷണത്തിന് ആഹാരമെന്നപോലെ, ആത്മാവിന്റെ വളർച്ചക്ക് പ്രാർഥനയും അത്യന്താപേക്ഷിതമായിരിക്കുമെന്നതിനാൽ,ദിവസം അഞ്ചുനേരത്തെ പ്രാർഥന ഇസ്‌ലാംമതം വിധിക്കുന്നു. സർവശക്തനായ ദൈവത്തിനു പരിപൂർണമായി കീഴടങ്ങി ഹൃദയം തുറന്ന് ദൈവത്തോടു ചെയ്യുന്ന അഭ്യർഥനയാണല്ലോ പ്രാർഥന. ഇത്തരം ഹൃദയംഗമമായ പ്രാർഥന, സകല ദുർവിചാരങ്ങളിൽനിന്നും ദുഷ്പ്രവൃത്തി കളിൽനിന്നും രക്ഷിക്കുന്നു. ഒരു മുസ്‌ലിം പ്രാർഥിക്കുമ്പോൾ, അവന്റെയും ദൈവത്തിന്റെയും ഇടയിൽ നിൽക്കാൻ ആരെയും ആവശ്യമില്ല. ഇസ്‌ലാമിൽ പാടെ വിരോധിച്ചിട്ടുള്ളതാണ് പൗരോഹിത്യം.

**2. വ്രതാനുഷ്ഠാനം**: പ്രാർഥനപോലെത്തന്നെ ആത്മീയോൽക്കർഷത്തിന് ആവശ്യമായിട്ടുള്ളതാണ് വ്രതാനുഷ്ഠാനം.ഒരു കൊല്ലത്തിൽ ഒരു മാസമാണ് ഈ വ്രതാനുഷ്ഠാനത്തിനു വിധിച്ചിട്ടുള്ളത്.

**3. ദാനം**: ഓരോ ധനികനും അവന്റെ ധനത്തിൽ ഒരു നിശ്ചിതശതമാനം (രണ്ടര ശതമാനം) സാധു സംരക്ഷണത്തിന്നായി നീക്കിവെക്കൽ മതത്തിൽ നിർബന്ധമാണ്. അതായത് ഈ മുസ്‌ലിംസഹോദരസംഘത്തിൽ ഒരു ധനികനു പ്രവേശനം വേണമെങ്കിൽ, ദരിദ്രസഹോദരങ്ങൾക്കായി, അവന്റെ ധനത്തിന്റെ ഒരു ഭാഗം നൽകിയേ തീരൂ. ഈ മതനിബന്ധന, പരമാർഥത്തിൽ ധനികനെയും ദരിദ്രനെയും കൂട്ടി ബന്ധിക്കുന്ന സഹോദര ശൃംഖലയാണ്.

**4. തീർഥാടനം**: ധനസ്ഥിതി അനുവദിക്കുന്നപക്ഷം, സുഖവും സൗകര്യവുമുള്ള ഓരോ മുസ്‌ലിമും അവന്റെ ആയുസ്സിൽ ഒരിക്കലെങ്കിലും മക്കയിൽ തീർഥാടനത്തിനു പോകണമെന്നുള്ളതും ഇസ്‌ലാംമതത്തിന്റെ കർമപദ്ധതിയിൽപെട്ടതാണ്. ഐക്യം, സമത്വം, സാഹോദര്യം മുതലായ പല തത്ത്വങ്ങളും ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. ലോകത്തുള്ള മുസ്‌ലിംകൾ കൊല്ലത്തിൽ ഒരിക്കൽ ഒരു സ്ഥലത്തു ഒരുമിച്ചുകൂടി പരസ്പരം ആശയവിനിമയം ചെയ്യുക സമുദായസംഘടനക്കു ഏറ്റവും സഹായകമാണെന്നു പറയേണ്ടതില്ലല്ലോ. ഈ തീർഥാടനം നടത്തുന്ന സന്ദർഭത്തിൽ ഓരോരുത്തനും - രാജാവായാലും പ്രജയായാലും കുബേരനായാലും കുചേലനായാലും - ഒറ്റവസ്ത്രം മാത്രം ധരിച്ചിരിക്കണം. സമത്വത്തെയും സാഹോദര്യത്തെയും വളർത്തുവാൻ ഇതിൽകൂടുതൽ എന്താണു വേണ്ടത്?

ഇത്രയുമാണ് ഇസ്‌ലാംമതത്തിലെ പ്രധാന തത്ത്വങ്ങൾ. ഞാൻ മുമ്പ് പറഞ്ഞപോലെ ഇവയിൽ ഒന്നെങ്കിലും ഒരു അന്യമതസ്ഥനു അഹിതമായി തോന്നാവുന്നതല്ല. എന്നാൽ അന്യമതങ്ങളിൽ കാണാത്തതായ തത്ത്വം ഇവയിൽ യാതൊന്നുമില്ല. ഇസ്‌ലാം ഇവയെല്ലാം ക്രോഡീകരിച്ച് വ്യവസ്ഥപ്പെടുത്തി എന്നു മാത്രമേയുള്ളൂ.

## ● സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം

മേൽപറഞ്ഞ മത തത്ത്വങ്ങളെ ശ്രദ്ധിച്ചുനോക്കിയാൽ, ദൈവവിശ്വാസത്തിനു പുറമെ സമത്വം, സ്വാതന്ത്ര്യം, സഹോദരത്വം ഇതുകളാണ് ഇവയിൽ മുഴച്ചു നിൽക്കുന്നതെന്നു കാണാൻ കഴിയും. ഇസ്‌ലാമിലെ എല്ലാ മതാനുഷ്ഠാനങ്ങളിലും ഈ തത്ത്വങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ട്. പ്രാർഥന തന്നെ ഒരുമിച്ച് തോളോടുതോൾ ചേർന്നുനിന്നു നടത്തുന്നത് ശ്രേഷ്ഠതരമാണെന്നു വിധിച്ചിട്ടുണ്ട്. മുസ്‌ലിംകൾ അവരുടെ ആദർശങ്ങളിൽ നിന്നു വളരെ അകന്നാണ് ഇന്നു ജീവിക്കുന്നതെങ്കിലും ഈ അധഃപതനകാലത്തു തന്നെയും ഒരു മുസ്‌ലിംപള്ളിയിൽചെന്നു നോക്കിയാൽ കുബേരനും കുചേലനും വ്യത്യാസലേശം കൂടാതെ തോളോടുതോൾ ചേർന്ന് പ്രാർഥിക്കുന്നതു കാണാം. വ്രതാനുഷ്ഠാനവും സഹോദരത്വത്തെ പുലർത്തുവാൻ ഏറ്റവും പ്രയോജനപ്പെടുന്നു. ധനികന്റെ വയറ്റിൽ വിശപ്പു തട്ടുമ്പോൾ അവനു മുഴുപ്പട്ടിണിക്കാരായ ദരിദ്രന്മാരുടെ നേർക്ക് അനുകമ്പ തോന്നിപ്പോകും. ദാനത്തെസംബന്ധിച്ച മതവിധി, സഹോദരത്വത്തിന്നു ഒരു ഒന്നാംതരം മകുടോദാഹരണമാണ്. സമത്വവും സഹോദരത്വവും പ്രദർശിപ്പിക്കാതെ തീർഥാടനം നടത്തുവാൻതന്നെ സാധ്യമല്ല. ഈ വിധത്തിൽ ഇസ്‌ലാം മതം സമത്വവും സഹോദരത്വവും ഉപദേശിക്കുകമാത്രമല്ല, അതിന്റെ എല്ലാ കർമവശങ്ങളിൽകൂടിയും ഇവയെ പ്രായോഗികമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. ഇതുകൊണ്ട്തന്നെയാണ് ഇസ്‌ലാംചരിത്രം സമത്വത്തിനും സഹോദരത്വത്തിനും മകുടോദാഹരണമായി പരിലസിക്കുന്നത്.

കൂടുതലറിയാൻ
**ബന്ധപ്പെടുക.**

**K.I.M. P.B.No:48. I.S.T.Building.**
**M.P.Road. Kozhikkode. 673001**
**E-mail: kimcalicut@gmail.com**